നാരായണാശ്രമ തപോവനം

# ആത്മസ്ഫുരണങ്ങൾ

## സ്വാമി ഭൂമാനന്ദതീർഥ



# ഗൃഹമഹിമ സ്ത്രീകളിൽ നിക്ഷിപ്തം

*Volume 63, 26 January 2014*

പുരുഷന്മാർ മനുഷ്യസമാജത്തിന്റെ പകുതിയേ ആകുന്നുള്ളു, ബാക്കി സ്ത്രീകളാണ്. പുരുഷന്മാർ ചെയ്യുന്ന വൃത്തികളുടെ ഭദ്രത നില്ക്കുന്നത്, പകുതിവരുന്ന സ്ത്രീകളുടെ ദൈനന്ദിനപ്രവൃത്തികളിലാണ്.

ഒരു പുരുഷന് ഒരു സ്ത്രീയെന്ന തോതിലാണല്ലോ വിവാഹവ്യവസ്ഥ. സ്ത്രീകൾക്കുള്ള പ്രാധാന്യം, സമാജീയക്കൂട്ടായ്മയിൽ അവർ വഹിയ്ക്കുന്ന പങ്ക്, വർണവ്യവസ്ഥയെന്ന മഹാസങ്കല്പം സമഗ്രവും സഫലവുമാകാൻവേണ്ടി സ്ത്രീവിഭാഗത്തിൽനിന്നുണ്ടാകുന്ന സംഭാവന ഇവ എത്ര മഹനീയമാണെന്ന് ശാസ്ത്രങ്ങൾ വിളിച്ചു പറയുന്നു. ആധുനികർ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണിത്. പക്ഷപാതമല്ല, അമിതപാതമാണ് സ്ത്രീകളോടു ശാസ്ത്രവും ശാസ്ത്രകാരന്മാരും കാണിച്ചിട്ടുള്ളത്.

സത്യം പ്രിയമായി പറയുക, വിനയപൂർവം പെരുമാറുക, ശുശ്രൂഷാഭാവം വിടരുത്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടണം, ആശയും ആർത്തിയും കാണിച്ചു ഭർത്താവിനെ കുവൃത്തികൾക്കു പ്രേരിപ്പിച്ചു പോകരുത്. വരുമാനത്തിനനുസരിച്ച ജീവിതരീതിയേ ഒരുക്കാവൂ, ആശിയ്ക്കാവൂ. സൗമ്യതയാകണം ഭൂഷണം.

എല്ലാവരും ജനിയ്ക്കുന്നതു ഗൃഹത്തിലാണ്. ആദ്യസംസർഗം അമ്മയുമായാണ്. വളർന്നു വലുതായി പ്രവർത്തനമണ്ഡലം കണ്ടെത്തിപ്പോകുംവരേയും അതിനുശേഷവും ജീവിയ്ക്കാൻ വീട് ആവശ്യമാണ്. ഗൃഹരക്ഷണം സ്ത്രീയിൽ അർപ്പിതമാണ്. ഈ ഒറ്റക്കാര്യം മതി സ്ത്രീയ്ക്കു സമാജം കല്പിയ്ക്കുന്ന വില എടുത്തുകാണിയ്ക്കാൻ. സ്ത്രീമനസ്സിന് ഉണ്ടാകേണ്ട അപൂർവമാനമാണ് ഭർത്താവിനോടുള്ള ഭക്തി. ഭാര്യ മതിയ്ക്കാത്ത പുരുഷന് ഉൾബലമുണ്ടാകില്ല.

ഈശ്വരസമം ഭർത്താവിനെ കരുതുന്ന സ്ത്രീഹൃദയം എത്ര പവിത്രവും വിശാലവുമാണെന്നോ! എങ്ങോ മറഞ്ഞുകിടക്കുന്ന ഈശ്വരനേക്കാൾ, അടുത്തുകഴിയുന്ന ഭർത്താവിനോട് അതേ ഈശ്വരഭാവം പ്രയോഗിയ്ക്കുമ്പോൾ, പുരുഷന്നില്ലാത്ത ആന്തരപവിത്രതയും വിശാലതയും സ്ത്രീവ്യക്തിത്വത്തിൽ ഉദിയ്ക്കുന്നതു സ്വാഭാവികമാണ്. ഇതിൽനിന്നുവേണം വീട്ടിലെ എല്ലാസംഗതികളും പുഷ്പിച്ചു ഫലിയ്ക്കാൻ. അങ്ങനെയാണ് സ്ത്രീ ശിശുജന്മത്തിനുള്ള നിസ്തുലപങ്കു വഹിയ്ക്കുന്നത്.

വീടും വീട്ടുബന്ധങ്ങളും ഭദ്രമായാൽ മഹാലക്ഷ്മിയെപ്പോലെ വിഷ്ണുലോകം കൈവരാനുള്ള അർഹത സ്ത്രീകൾക്കു ലഭിയ്ക്കുമത്രെ. ജീവിച്ചിരിയ്ക്കുന്നതുവരെ ഐഹികസുഖം, തദനന്തരം വിഷ്ണുലോകസൗഖ്യവും. ഇതിനുമീതെ എന്താണ് അഭിലഷിയ്ക്കാനുള്ളത്?

* * *

**‘ധർമമൂല്യങ്ങൾ ഭാഗവതവാക്യങ്ങളിൽ’ നിന്ന്**

**NarayanashramaTapovanam**
Venginissery, P.O. Ammadam, Trichur, Kerala, India
Email: ashram1@gmail.com; Website: www.SwamiBhoomanandaTirtha.org